**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 704** **11-06-2024 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | കെ.എസ്.ഇ.ബി.എൽ ന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ:<br><br>കെ.എസ്.ഇ.ബി.എൽ വിതരണ വിഭാഗത്തിന്റെ ഇരിട്ടി ഡിവിഷനിൽ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ മട്ടന്നൂർ സെക്ഷന്റെ കീഴിലായി ദ്യുതി പദ്ധതിയിലുൾപ്പെടുത്തി കിൻഫ്രാ സബ് സ്റ്റേഷനിൽ നിന്നും 2.2 കോടി രൂപ ചെലവിൽ 4 പുതിയ 11 KV ഭൂഗർഭ കേബിൾ ഫീഡറുകൾ നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 50% പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു. ഇത് കൂടാതെ 3.2 കോടി രൂപ ചെലവ് വരുന്ന കിൻഫ്ര പാർക്കിലെ ഇന്റേർണൽ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കിൻഫ്രായ്ക്കുവേണ്ടി കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്തു നടത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു.<br><br>മേൽ പ്രവൃത്തികൾ കൂടാതെ മട്ടന്നൂർ, ശിവപുരം, കാക്കയങ്ങാട് സെക്ഷനുകളുടെ കീഴിലായി 31.6 ലക്ഷം രൂപ ചെലവിൽ 4 km എൽടി ലൈൻ എബിസി ഉപയോഗിച്ചുള്ള റീകണ്ടക്ടറിങ് പ്രവൃത്തിയും, 18.6 ലക്ഷം രൂപ ചെലവിൽ 1.8 km റാബിറ്റ് കണ്ടക്ടർ ഉപയോഗിച്ചുള്ള റീകണ്ടക്ടറിങ് പ്രവൃത്തിയും, 11.89 ലക്ഷം രൂപ ചെലവിൽ 2 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും, 19.4 ലക്ഷം രൂപ ചെലവിൽ 4 ട്രാൻസ്ഫോർമറുകൾ enhance ചെയ്യുന്ന പ്രവൃത്തിയും, 3.25 ലക്ഷം രൂപ ചെലവിൽ ട്രാൻസ്ഫോമർ സ്റ്റാൻഡേർഡയ്സ് ചെയ്യുന്ന പ്രവൃത്തിയും, 5.7 ലക്ഷം രൂപ ചെലവിൽ എബി സ്വിച്ചുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും, 20.5 ലക്ഷം രൂപ ചെലവിൽ സ്പേസറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും പുരോഗമിക്കുന്നുണ്ട്.<br><br>മട്ടന്നൂർ നിയോജകമണ്ഡലത്തിൽ സൗര പദ്ധതിയുടെ കീഴിൽ ഉപഭോക്താക്കളുടെ പുരപ്പുറത്തു |

227 kW ന്റെ 15 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 99,87,688/- രൂപ കെ.എസ്.ബി.എൽ. ചെലവഴിച്ചിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പ്രസരണ വിഭാഗത്തിന്റെ കീഴിൽ 220 kV സബ്സ്റ്റേഷൻ കാഞ്ഞിരോടിൽ നിന്നും 33kV പഴശ്ശി സബ്സ്റ്റേഷനിലേക്ക് നിലവിലുള്ള പഴയ 33 കെ.വി. ഓവർ ഹെഡ് ലൈൻ മാറ്റി 33 കെ.വി. കവേർഡ് കണ്ടക്ടർ ആക്കി മാറ്റുന്ന പ്രവൃത്തിക്ക് കരാർ നൽകുകയും, പ്രസ്തുത പ്രവൃത്തിയുടെ പ്രാരംഭ ജോലികൾ തുടങ്ങുകയും ചെയ്തു. ഈ പദ്ധതി 2025 മാർച്ചിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

<u>അനെർട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>

മട്ടന്നൂർ നിയോജക മണ്ഡലത്തിൽ അനെർട്ട് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

- വീടുകളിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയായ സൗര തേജസ്സ് പദ്ധതിയിൽ 5 വീടുകളിലായി ആകെ 17 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു.
- ഹരിത വരുമാന പദ്ധതിയുടെ ഭാഗമായി ഒരു ലൈഫ് മിഷൻ വീട്ടിൽ സൗജന്യമായി 2 കിലോ വാട്ട് ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ചു നൽകി.

(അനിൽ. പി. പി, നാഗമുള്ളവളപ്പിൽ, പെരുമണ്ണ്, പടിയൂർ, വട്ടപ്പാറ, കണ്ണൂർ)

പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

- മട്ടന്നൂർ നഗരസഭ ഓഫീസിലും, മധുസൂദനൻ തങ്ങൾ സ്മാരക ഗവഃ യു.പി സ്കൂളിലും ആകെ 25 കിലോവാട്ട് (Rs.19,52,500/-) സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുവേണ്ടി റിപ്പോർട്ട് സമർപ്പിക്കുകയും മട്ടന്നൂർ മുനിസിപ്പാലിറ്റി സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.
- ഇന്റർ നാഷണൽ ആയുർവേദ റിസേർച്ച് സെന്ററിൽ 500 kW ശേഷിയുള്ള (Rs.3,49,99,250/-) സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനായി അനെർട്ട് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിലെ ആയുഷ് വകുപ്പിൽ പരിശോധിച്ച് വരികയാണ്. പ്രസ്തുത

| | | | |
|---|---|---|---|
| | | | സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ നിന്നും Revised funding sanction ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിക്ക് നേരിട്ട് നൽകുന്നതിന് 21.12.2023 ൽ ആയുഷ് വകുപ്പിൽ നിന്നും പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ KITCO യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (ബി) | <u>കെ.എസ്.ഇ.ബി.എൽ ന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ:</u><br><br>കെ.എസ്.ഇ.ബി.എൽ വിതരണ വിഭാഗത്തിന്റെ ഇരിട്ടി ഡിവിഷനിൽ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ മട്ടന്നൂർ സെക്ഷന്റെ കീഴിലായി ദ്യുതി പദ്ധതിയിലുൾപ്പെടുത്തി കിൻഫ്രാ സബ് സ്റ്റേഷനിൽ നിന്നും 2.2 കോടി രൂപ ചെലവിൽ 4 പുതിയ 11 KV ഭൂഗർഭ കേബിൾ ഫീഡറുകൾ നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 50% പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു. ഇത് കൂടാതെ 3.2 കോടി രൂപ ചെലവ് വരുന്ന കിൻഫ്ര പാർക്കിലെ ഇന്റേർണൽ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കിൻഫ്രായ്ക്കുവേണ്ടി കെ.എസ്.ഇ.ബി.എൽ. എറ്റെടുത്തു നടത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു.<br><br>മേൽ പ്രവൃത്തികൾ കൂടാതെ മട്ടന്നൂർ, ശിവപുരം, കാക്കയങ്ങാട് സെക്ഷനുകളുടെ കീഴിലായി 31.6 ലക്ഷം രൂപ ചെലവിൽ 4 km എൽടി ലൈൻ എബിസി ഉപയോഗിച്ചുള്ള റീകണ്ടക്ടറിങ് പ്രവൃത്തിയും, 18.6 ലക്ഷം രൂപ ചെലവിൽ 1.8 km റാബിറ്റ് കണ്ടക്ടർ ഉപയോഗിച്ചുള്ള റീകണ്ടക്ടറിങ് പ്രവൃത്തിയും, 11.89 ലക്ഷം രൂപ ചെലവിൽ 2 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും, 19.4 ലക്ഷം രൂപ ചെലവിൽ 4 ട്രാൻസ്ഫോർമറുകൾ enhance ചെയ്യുന്ന പ്രവൃത്തിയും, 3.25 ലക്ഷം രൂപ ചെലവിൽ ട്രാൻസ്ഫോമർ സ്റ്റാൻഡേർഡയ്സ് ചെയ്യുന്ന പ്രവൃത്തിയും, 5.7 ലക്ഷം രൂപ ചെലവിൽ എബി സ്വിച്ചുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും, 20.5 ലക്ഷം രൂപ ചെലവിൽ സ്പേസറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും പുരോഗമിക്കുന്നുണ്ട്.<br><br>മട്ടന്നൂർ നിയോജകമണ്ഡലത്തിൽ സൗര പദ്ധതിയുടെ കീഴിൽ ഉപഭോക്താക്കളുടെ പുരപ്പുറത്തു 227 kW ന്റെ 15 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 99,87,688/- രൂപ കെ.എസ്.ബി.എൽ. ചെലവഴിച്ചിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

പ്രസരണ വിഭാഗത്തിന്റെ കീഴിൽ 220 kV സബ്സ്റ്റേഷൻ കാഞ്ഞിരോടിൽ നിന്നും 33kV പഴശ്ശി സബ്സ്റ്റേഷനിലേക്ക് നിലവിലുള്ള പഴയ 33 കെ.വി. ഓവർ ഹെഡ് ലൈൻ മാറ്റി 33 കെ.വി. കവേർഡ് കണ്ടക്ടർ ആക്കി മാറ്റുന്ന പ്രവൃത്തിക്ക് കരാർ നൽകുകയും, പ്രസ്തുത പ്രവൃത്തിയുടെ പ്രാരംഭ ജോലികൾ തുടങ്ങുകയും ചെയ്തു. ഈ പദ്ധതി 2025 മാർച്ചിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

<u>അനെർട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>

മട്ടന്നൂർ നിയോജക മണ്ഡലത്തിൽ അനെർട്ട് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

- വീടുകളിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയായ സൗര തേജസ്സ് പദ്ധതിയിൽ 5 വീടുകളിലായി ആകെ 17 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു.
- ഹരിത വരുമാന പദ്ധതിയുടെ ഭാഗമായി ഒരു ലൈഫ് മിഷൻ വീട്ടിൽ സൗജന്യമായി 2 കിലോ വാട്ട് ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ചു നൽകി.

(അനിൽ. പി. പി, നാഗമുള്ളവളപ്പിൽ, പെരുമണ്ണ്, പടിയൂർ, വട്ടപ്പാറ, കണ്ണൂർ)

പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.

- മട്ടന്നൂർ നഗരസഭ ഓഫീസിലും, മധുസൂദനൻ തങ്ങൾ സ്മാരക ഗവ: യു.പി സ്കൂളിലും ആകെ 25 കിലോവാട്ട് (Rs.19,52,500/-) സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുവേണ്ടി റിപ്പോർട്ട് സമർപ്പിക്കുകയും മട്ടന്നൂർ മുനിസിപ്പാലിറ്റി സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.
- ഇന്റർ നാഷണൽ ആയുർവേദ റിസേർച്ച് സെന്ററിൽ 500 kW ശേഷിയുള്ള (Rs.3,49,99,250/-) സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനായി അനെർട്ട് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിലെ ആയുഷ് വകുപ്പിൽ പരിശോധിച്ച് വരികയാണ്. പ്രസ്തുത സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ നിന്നും Revised funding sanction ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ

| | | | | |
|---|---|---|---|---|
| | | | | കിഫ്ബിക്ക് നേരിട്ട് നൽകുന്നതിന് 21.12.2023 ൽ ആയുഷ് വകുപ്പിൽ നിന്നും പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ KITCO യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ